**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **10-06-2024 - ൽ മറുപടിയ്ക്ക്**

**നിപ്പ പ്രതിരോധ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. വി. അൻവർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിപ്പ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | (എ) | **2023 സെപ്റ്റംബർ മാസം നിപ ബാധ ഉണ്ടായ സമയത്ത് തന്നെ കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസേർച് ആൻഡ് റേസിലിയൻസ് സംസ്ഥാനത്ത് ആരംഭിക്കുന്ന വിഷയം ഗൗരവമായി പരിശോധിക്കുകയും തുടർന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 245/2024/H&FWD തീയതി 31/01/2024 പ്രകാരം പ്രസ്തുത സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇതുസംബന്ധിച്ച ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ അഡീഷണൽ പ്രൊഫസർ ഡോക്ടർ ടി എസ് അനീഷിനെ അദ്ദേഹത്തിന്റെ നിലവിലെ ചുമതലകൾക്ക് പുറമെ നോഡൽ ഓഫീസർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തെ ആഗോള തലത്തിൽ തന്നെ പ്രാധാന്യമുള്ള ഒരു പഠന-ഗവേഷണ-സാമൂഹിക സ്ഥാപനമായി ഉയർത്തുന്നതിനായി ഉദ്ദേശിക്കുന്നതിനാൽ , അതിന്റെ രൂപകൽപ്പന, പ്രവർത്തന രീതികൾ, ഉദ്ദേശലക്ഷ്യങ്ങൾ തുടങ്ങിയവ വിശദമാക്കി കൊണ്ട് ഒരു ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാനത്തിന് അകത്തും പുറത്തും ഉള്ള വിദഗ്ധരുടെ സേവനം ആവശ്യമായുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ വേഗത്തിൽ നടന്നുവരുന്നു.**<br><br>**നിപരോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ അത് വളരെ നേരത്തെ കണ്ടെത്തുകയും ലഭ്യമായ ഏറ്റവും മെച്ചപ്പെട്ട ചികിത്സ നൽകി** |

| | | | |
|---|---|---|---|
| | | | **അണുബാധയുണ്ടായവരെ രക്ഷിക്കുകയും ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം നിലവിൽ നമുക്കുണ്ട്. 2023 ൽ നിപ അണുബാധയുണ്ടായ ആറുപേരിൽ നാലുപേരുടെയും ജീവൻ രക്ഷിക്കാൻ നമുക്കായി. നാളെ ഒരു മഹാമാരി ആകാൻ പോലും സാധ്യത കൽപ്പിക്കുന്ന ഒരു രോഗമാണ് നിപ എന്നതിനാൽ അണുബാധ കൂടുതൽ ആളുകളിൽ എത്തുന്നത് തടയുക, രോഗം കണ്ടെത്താനുള്ള സംവിധാനങ്ങൾ ഒരുക്കുകയും അത് എത്രയും നേരത്തെ കണ്ടെത്തുകയും ചെയ്യുക, രോഗികൾക്ക് ലഭ്യമായ മികച്ച ചികിത്സ നൽകി കഴിയുന്നത്ര ആളുകളെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വളരെ വലിയ പ്രാധാന്യമുണ്ട്. ഇതിനകം രോഗത്തെ അതിജീവിച്ചവരുടെ രക്തത്തിൽ നിന്നും പ്രതിരോധകോശങ്ങൾ വേർതിരിച്ചെടുത്ത് മോണോക്ലോണൽ ആന്റിബോഡികൾ ഉല്പാദിപ്പിക്കുന്ന പ്രക്രിയയും ആരംഭിക്കാൻ 2023 ൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നാളെ മറ്റൊരു പ്രദേശത്ത് നിപ പടർന്നു പിടിക്കുന്നതിനെ പ്രതിരോധിക്കുന്നതിനും ആരോഗ്യ പ്രവർത്തകരുടെ ഉൾപ്പെടെ ജീവൻ രക്ഷിക്കുന്നതിനും തദ്ദേശീയമായി വികസിപ്പിക്കുന്ന മോണോക്ലോണൽ ആന്റിബോഡികൾക്ക് കൂടുതൽ കഴിയും. നിപ അനുഭവങ്ങൾ ഉള്ള ഒരു പ്രദേശം എന്ന നിലയിൽ ആഗോളതലത്തിൽ തന്നെ നമ്മുടെ കടമ നിറവേറ്റുന്നതിന്റെ ഭാഗം കൂടിയായാണ് ഈ ഗവേഷണ സ്ഥാപനത്തെ കാണുന്നത്. നിപ മാത്രമല്ല അതീവ പ്രഹര ശേഷിയും അതീവവ്യാപന ശക്തിയുമുള്ള ഹൈ ത്രെട്ട് പകർച്ചവ്യാധികളായ പക്ഷിപ്പനി, കുരങ്ങുപനി തുടങ്ങിയ രോഗങ്ങളും സംസ്ഥാനത്തിന് ഭീഷണി ഉയർത്തുന്നുണ്ട്. നിപയുടെ പശ്ചാത്തലത്തിലാണ് രൂപപ്പെടുന്നതെങ്കിലും വലിയ മരണനിരക്കും അവശതകളും ഉണ്ടാക്കാൻ കഴിയുന്ന, മഹാമാരികളാകാൻ സാധ്യത കൽപ്പിക്കുന്ന എല്ലാ രോഗങ്ങളെയും ഏകാരോഗ്യ സമീപനത്തോടെ പഠിക്കുകയും പ്രതിരോധ മാർഗ്ഗങ്ങൾ ആരായുകയും അവ നടപ്പിലാക്കാൻ സർക്കാരിന് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക എന്നതാണ് കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ്പ റിസർച്ച് ആൻഡ് റേസിലിയൻസ്-ന്റെ ലക്ഷ്യം.** |
| (ബി) | പ്രസ്തുത ഗവേഷണ കേന്ദ്രത്തെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിക്കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | ആരോഗ്യരംഗത്തെ ഏതെങ്കിലും ദേശീയ, | (സി) | നിലവിൽ ടി സ്ഥാപനം രാജ്യത്തെ ഐസിഎംആർ, |

| | | | |
|---|---|---|---|
| | അന്തർദേശീയ ഏജൻസികളുമായി സഹകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ സഹകരണം, ഗവേഷണം, പൊതുജന ബോധവൽക്കരണം എന്നിവ ഉൾക്കൊള്ളിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | | എൻസിഡിസി തുടങ്ങിയ സ്ഥാപനങ്ങളുമായും സംസ്ഥാനത്തിനുള്ളിൽ തന്നെ ആരോഗ്യവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംവിധാനങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കില തുടങ്ങിയ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ആവശ്യമായ നിബന്ധനകൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തിക്കൊണ്ട് രാജ്യത്തിന് പുറത്തുള്ള ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ നടന്ന നിപ പ്രതിരോധ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്ന പഠനങ്ങൾക്ക് ഇതോടൊപ്പം ഇതിനകം തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. അതോടൊപ്പം കേരളത്തിൽ നിപ ഉണ്ടാകുന്ന സാഹചര്യങ്ങളെപ്പറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുമായി ചേർന്നും വവ്വാലുകളുടെ സ്വഭാവ വ്യതിയാനങ്ങളെ പറ്റി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജിയുമായി ചേർന്നും പഠനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം നിപ ബാധ ഉണ്ടായ ഇടങ്ങളിലെ കാലാവസ്ഥാ വ്യതിയാനത്തെ പറ്റിയുള്ള പഠനങ്ങളും നടന്നുവരുന്നു. കേരളത്തിൽ എമ്പാടും വവ്വാലുകളിൽ നിപ വൈറസിനെ കണ്ടെത്തപ്പെടുന്ന സാഹചര്യം ഉള്ളതിനാൽ സംസ്ഥാന വ്യാപകമായി ഈ രോഗത്തിന് പ്രതിരോധിക്കുന്നതിന് വേണ്ടിയുള്ള ഒരു പാർട്ടിസിപ്പേറ്ററി ആക്ഷൻ റിസർച്ചിനുള്ള ഫണ്ടിങ് അപേക്ഷ ഐസിഎംആർ ന് സമർപ്പിച്ചിട്ടുണ്ട്. നിപ ബാധക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളെയും സമൂഹങ്ങളെയും കണ്ടെത്തി അണുബാധക്കെതിരെ സാമൂഹികമായ പ്രതിരോധം ഉയർത്തുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. |
| (ഡി) | നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ടിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിപക്ക് വേണ്ടിയുള്ള **വൺ** ഹെൽത്ത് സെൻറർ കോഴിക്കോട് മെഡിക്കൽ കോളേജിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. എന്നാൽ മെഡിക്കൽ കോളേജിലുള്ള സ്ഥലപരിമിതി കണക്കിലെടുത്ത് കൊണ്ടും രോഗത്തിന്റെ എപിഡെമിയോളജിക്കൽ ആയ സവിശേഷതകൾ പരിഗണിച്ച് കൊണ്ടും കോഴിക്കോട് ജില്ലയിൽ തന്നെ ഈ സ്ഥാപനം നിലനിർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആകയാൽ ഇക്കാര്യമെല്ലാം പരിഗണിച്ച് ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 5 10.06.2024 ൽ മറുപടിയ്ക്ക്

## നിപ്പ പ്രതിരോധ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം

| ചോദ്യം<br>ശ്രീമതി കാനത്തിൽ ജമീല<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ<br>ശ്രീ. ടി.ഐ.മധുസൂദനൻ<br>ശ്രീ. പി. വി. അൻവർ | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിപ്പ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | (എ) & (ബി) | 2023 സെപ്റ്റംബർ മാസം നിപ ബാധ ഉണ്ടായ സമയത്ത് തന്നെ കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസേർച്ച് ആൻഡ് റേസിലിയൻസ് സംസ്ഥാനത്ത് ആരംഭിക്കുന്ന വിഷയം ഗൗരവമായി പരിശോധിക്കുകയും തുടർന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 245/2024/H&FWD തീയതി 31/01/2024 പ്രകാരം പ്രസ്തുത സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇതുസംബന്ധിച്ച ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ അഡീഷണൽ പ്രൊഫസർ ഡോക്ടർ ടി എസ് അനീഷിനെ അദ്ദേഹത്തിന്റെ നിലവിലെ ചുമതലകൾക്ക് പുറമെ നോഡൽ ഓഫീസർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തെ ആഗോള തലത്തിൽ തന്നെ പ്രാധാന്യമുള്ള ഒരു പഠന-ഗവേഷണ-സാമൂഹിക സ്ഥാപനമായി ഉയർത്തുന്നതിനായി ഉദ്ദേശിക്കുന്നതിനാൽ , അതിന്റെ രൂപകൽപ്പന, പ്രവർത്തന രീതികൾ, ഉദ്ദേശലക്ഷ്യങ്ങൾ തുടങ്ങിയവ വിശദമാക്കി കൊണ്ട് ഒരു ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാനത്തിന് അകത്തും പുറത്തും ഉള്ള വിദഗ്ധരുടെ സേവനം ആവശ്യമായുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ വേഗത്തിൽ നടന്നുവരുന്നു.<br><br>നിപരോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ അത് വളരെ നേരത്തെ കണ്ടെത്തുകയും ലഭ്യമായ ഏറ്റവും മെച്ചപ്പെട്ട ചികിത്സ നൽകി |
| (ബി) | പ്രസ്തുത ഗവേഷണ കേന്ദ്രത്തെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിക്കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | | |

| | | | |
|---|---|---|---|
| | | | അണുബാധയുണ്ടായവരെ രക്ഷിക്കുകയും ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം നിലവിൽ നമുക്കുണ്ട്. 2023 ൽ നിപ അണുബാധയുണ്ടായ ആറുപേരിൽ നാലുപേരുടെയും ജീവൻ രക്ഷിക്കാൻ നമുക്കായി. നാളെ ഒരു മഹാമാരി ആകാൻ പോലും സാധ്യത കൽപ്പിക്കുന്ന ഒരു രോഗമാണ് നിപ എന്നതിനാൽ അണുബാധ കൂടുതൽ ആളുകളിൽ എത്തുന്നത് തടയുക, രോഗം കണ്ടെത്താനുള്ള സംവിധാനങ്ങൾ ഒരുക്കുകയും അത് എത്രയും നേരത്തെ കണ്ടെത്തുകയും ചെയ്യുക, രോഗികൾക്ക് ലഭ്യമായ മികച്ച ചികിത്സ നൽകി കഴിയുന്നത്ര ആളുകളെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വളരെ വലിയ പ്രാധാന്യമുണ്ട്. ഇതിനകം രോഗത്തെ അതിജീവിച്ചവരുടെ രക്തത്തിൽ നിന്നും പ്രതിരോധകോശങ്ങൾ വേർതിരിച്ചെടുത്ത് മോണോക്ലോണൽ ആന്റിബോഡികൾ ഉല്പാദിപ്പിക്കുന്ന പ്രക്രിയയും ആരംഭിക്കാൻ 2023 ൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നാളെ മറ്റൊരു പ്രദേശത്ത് നിപ പടർന്നു പിടിക്കുന്നതിനെ പ്രതിരോധിക്കുന്നതിനും ആരോഗ്യ പ്രവർത്തകരുടെ ഉൾപ്പെടെ ജീവൻ രക്ഷിക്കുന്നതിനും തദ്ദേശീയമായി വികസിപ്പിക്കുന്ന മോണോക്ലോണൽ ആന്റിബോഡികൾക്ക് കൂടുതൽ കഴിയും. നിപ അനുഭവങ്ങൾ ഉള്ള ഒരു പ്രദേശം എന്ന നിലയിൽ ആഗോളതലത്തിൽ തന്നെ നമ്മുടെ കടമ നിറവേറ്റുന്നതിന്റെ ഭാഗം കൂടിയായാണ് ഈ ഗവേഷണ സ്ഥാപനത്തെ കാണുന്നത്. നിപ മാത്രമല്ല അതീവ പ്രഹര ശേഷിയും അതീവവ്യാപന ശക്തിയുമുള്ള ഹൈ ത്രെട്ട് പകർച്ചവ്യാധികളായ പക്ഷിപ്പനി, കുരങ്ങുപനി തുടങ്ങിയ രോഗങ്ങളും സംസ്ഥാനത്തിന് ഭീഷണി ഉയർത്തുന്നുണ്ട്. നിപയുടെ പശ്ചാത്തലത്തിലാണ് രൂപപ്പെടുന്നതെങ്കിലും വലിയ മരണനിരക്കും അവശതകളും ഉണ്ടാക്കാൻ കഴിയുന്ന, മഹാമാരികളാകാൻ സാധ്യത കൽപ്പിക്കുന്ന എല്ലാ രോഗങ്ങളെയും ഏകാരോഗ്യ സമീപനത്തോടെ പഠിക്കുകയും പ്രതിരോധ മാർഗ്ഗങ്ങൾ ആരായുകയും അവ നടപ്പിലാക്കാൻ സർക്കാരിന് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക എന്നതാണ് കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ്പ റിസർച്ച് ആൻഡ് റേസിലിയൻസ്-ന്റെ ലക്ഷ്യം. |
| (സി) | ആരോഗ്യരംഗത്തെ ഏതെങ്കിലും | (സി) | നിലവിൽ ടി സ്ഥാപനം രാജ്യത്തെ |

| | | | |
|---|---|---|---|
| | ദേശീയ, അന്തർദേശീയ ഏജൻസികളുമായി സഹകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ സഹകരണം, ഗവേഷണം, പൊതുജന ബോധവൽക്കരണം എന്നിവ ഉൾക്കൊള്ളിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | | ഐസിഎംആർ, എൻസിഡിസി തുടങ്ങിയ സ്ഥാപനങ്ങളുമായും സംസ്ഥാനത്തിനുള്ളിൽ തന്നെ ആരോഗ്യവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംവിധാനങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കില തുടങ്ങിയ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ആവശ്യമായ നിബന്ധനകൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തിക്കൊണ്ട് രാജ്യത്തിന് പുറത്തുള്ള ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ നടന്ന നിപ പ്രതിരോധ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്ന പഠനങ്ങൾക്ക് ഇതോടൊപ്പം ഇതിനകം തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. അതോടൊപ്പം കേരളത്തിൽ നിപ ഉണ്ടാകുന്ന സാഹചര്യങ്ങളെപ്പറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുമായി ചേർന്നും വവ്വാലുകളുടെ സ്വഭാവ വ്യതിയാനങ്ങളെ പറ്റി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജിയുമായി ചേർന്നും പഠനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം നിപ ബാധ ഉണ്ടായ ഇടങ്ങളിലെ കാലാവസ്ഥാ വ്യതിയാനത്തെ പറ്റിയുള്ള പഠനങ്ങളും നടന്നുവരുന്നു. കേരളത്തിൽ എമ്പാടും വവ്വാലുകളിൽ നിപ വൈറസിനെ കണ്ടെത്തപ്പെടുന്ന സാഹചര്യം ഉള്ളതിനാൽ സംസ്ഥാന വ്യാപകമായി ഈ രോഗത്തിന് പ്രതിരോധിക്കുന്നതിന് വേണ്ടിയുള്ള ഒരു പാർട്ടിസിപ്പേറ്ററി ആക്ഷൻ റിസർച്ചിനുള്ള ഫണ്ടിങ് അപേക്ഷ ഐസിഎംആർ ന് സമർപ്പിച്ചിട്ടുണ്ട്. നിപ ബാധക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളെയും സമൂഹങ്ങളെയും കണ്ടെത്തി അണുബാധക്കെതിരെ സാമൂഹികമായ പ്രതിരോധം ഉയർത്തുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. |
| (ഡി) | നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ടിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിപക്ക് വേണ്ടിയുള്ള വൺ ഹെൽത്ത് സെൻറർ കോഴിക്കോട് മെഡിക്കൽ കോളേജിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. എന്നാൽ മെഡിക്കൽ കോളേജിലുള്ള സ്ഥലപരിമിതി കണക്കിലെടുത്ത് കൊണ്ടും രോഗത്തിന്റെ എപിഡെമിയോളജിക്കൽ ആയ സവിശേഷതകൾ പരിഗണിച്ചു കൊണ്ടും കോഴിക്കോട് ജില്ലയിൽ തന്നെ ഈ സ്ഥാപനം നിലനിർത്തുന്നതിനാണ് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. ആകയാൽ ഇക്കാര്യമെല്ലാം പരിഗണിച്ച് ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

Shaila M

സെക്ഷൻ ഓഫീസർ